(*c*) Keezhvaipur, Mallappally and Puramattom are the public markets. The private market is in S. No. 504 1 of the Kalloopara Pakuthy.

(*d*) Rs. 439 from the Keezhvaipur public market for the year 1952-53. Rs. 234 from Mallappally public market for the year 1952-53. Rs. 95 from the Puramattom public market (functioning only from January 1953) and license fee of Rs. 10 from the private market.

(*e*) Government are not aware of the profit realised by the licensees of private markets.

(*f*) Yes.

(*g*) Yes.

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പൽ തിരഞ്ഞെടുപ്പ്.

൪൯൩. [മൂവ] ശ്രീ. സി. അച്യുത മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ പാർട്ടികൾക്ക് (കമ്മ്യൂണിസ്റ്റ്, ആർ. എസ്. പി., പി. എസ്. പി. മുതലായവയ്ക്ക്) വോട്ടുചെയ്യരുതെന്നു താക്കീതുചെയ്തുകൊണ്ട് ഏതെങ്കിലും വൈദിക മേലദ്ധ്യക്ഷന്മാർ സർക്കുലറുകളോ, ഇടയലേഖനങ്ങളോ അയച്ചുതായി ഗവണ്മെന്റിന്റെ അറിവിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ തടയുവാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി എടുക്കുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം.

(എ) ഇല്ല.

(ബി, സി) എ-യുടെ ഉത്തരംകൊണ്ട് ചോദ്യം ഉദിക്കുന്നില്ല

മുനിസിപ്പൽ തിരഞ്ഞെടുപ്പ്.

൪൯൪. [മൂൻ] ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചിയിൽ ഈയിടെ നടന്ന മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിൽനിന്ന് പാർട്ടി അടിസ്ഥാനത്തിൽ ഓരോ മുനിസിപ്പൽ കൗൺസിലിലുമുള്ള പാർട്ടികളുടെ അംഗസംഖ്യയും ശതമാനവും ഇത്രയാണ്?